# നവോത്ഥാനആധുനികതയും ജാതിനിഷേധവും

## വാഗ്ഭടാനന്ദൻകവിതകൾ മുൻനിർത്തിയുള്ള പഠനം

**ഡോ.ടി.കെ.അനിൽകുമാർ**

വൈരുദ്ധ്യങ്ങളുടെയുംവൈവിദ്ധ്യങ്ങളുടെയും പരിസരത്തുനിന്ന് രൂപപ്പെട്ട നവോത്ഥാനത്തെകുറിച്ച് വ്യത്യസ്ത വാദഗതികളുണ്ട്. കേരളീയ നവോത്ഥാനം സംഭവിച്ചിട്ടുണ്ടോ എന്നുള്ള അന്വേഷണങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും കേരളീയം എന്നു വ്യവഹരിക്കുന്ന പൊതുമണ്ഡലത്തെ രൂപപ്പെടുത്തുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങളും പ്രതിഭകളും വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമേതുമില്ല. നവോത്ഥാനആധുനികത ദലിത് അവർണ്ണ-സവർണ്ണ സാമുദായിക സംവിധാനത്തിന് അകത്തും ഇസ്ലാം - ക്രൈസ്തവ സമൂഹത്തിനകത്തും നടന്ന ഇടപെടലുകളിലൂടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിച്ചിട്ടുണ്ട്.എന്നാൽ ഹിന്ദുമത നവീകരണം എന്ന അർത്ഥത്തിൽ ജാതി നിഷേധത്തിന്റെ കരുത്തുറ്റ ഭൂതകാലം നവോത്ഥാന ആധുനികത സാധ്യമാക്കിയിട്ടുണ്ട്. വൈകുണ്ഠ സ്വാമികളിൽ നിന്ന് തുടങ്ങിയ നവോത്ഥാനധാര വാഗ്ഭടാനന്ദഗുരുവിൽ പൂർണതയിലെത്തുന്നു. പണ്ഡിതനും ദാർശനികനും സാമുദായിക പരിഷ്കർത്താവുമായ വാഗ്ഭടാനന്ദൻ നവോത്ഥാനത്തിന്റെ ശക്തി സ്തംഭമാണ്. കവിതയെ സാമൂഹിക മാറ്റത്തിനുള്ള ഉപാധി ആക്കി തീർക്കാൻ വാഗ്ഭടാനന്ദന് കഴിഞ്ഞു. നവോത്ഥാന ആധുനികതയെ പ്രയോഗവൽക്കരിച്ചു കൊണ്ട് ജാതി നിഷേധത്തിന് കവിതയെ എങ്ങനെ ഉപയുക്തമാക്കി എന്നാണ് ഈ പഠനം അന്വേഷിക്കുന്നത്. നവോത്ഥാന ആധുനികതയും ജാതി നിഷേധവും വാഗ്ഭടാനന്ദൻ കവിതകളെ മുൻനിർത്തിയുള്ള പഠനം എന്നതാണ് വിഷയം.

**നവോത്ഥാന ആധുനികതയും ജാതിവിരുദ്ധ രചനകളും**

അധിനിവേശത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ നിന്നാണ് കേരളീയ നവോത്ഥാനത്തെ തിരിച്ചറിയാൻ സാധിക്കുക. കൊളോണിയൽ ആധിപത്യത്തിനു സർവതലസ്പർശിയായ സാന്നിദ്ധ്യം കേരളീയ നവോത്ഥാനത്തെ സാധ്യമാക്കി. 'നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണ്'എന്ന് നാരായണഗുരു പറയുമ്പോൾ, പാശ്ചാത്യ സ്വാധീനം നമ്മുടെ പൊതുമണ്ഡലത്തിൽ ഉണ്ടാക്കിയ മാറ്റത്തെ അടയാളപ്പെടുത്തുക കൂടിയാണ്.ക്രിസ്ത്യൻ മിഷനറിമാരുടെ മതപ്രബോധന പ്രവർത്തനങ്ങൾ അതിന്റെ തുടർച്ചയാണ്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം മിഷനറി പ്രവർത്തനത്തിലൂടെയാണ് സാധ്യമായത്. അച്ചടിയും പത്രമാസികകളുടെ വളർച്ചയും അതിനെ ശക്തിപ്പെടുത്തി. ഒരർത്ഥത്തിൽ നാടുവാഴിത്ത സാമൂഹിക വ്യവസ്ഥയിൽനിന്ന് മുതലാളിത്തത്തിലേക്കുള്ള ക്രമാനുഗതമായ വളർച്ചയാണ് കേരളീയ നവോത്ഥാനത്തിന്റെ ശക്തി.

നവോത്ഥാനത്തെകുറിച്ച് വിഭിന്ന വാദഗതികൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ന് നാം വിവക്ഷിക്കുന്ന കേരളീയ നവോത്ഥാനം നമ്മുടെ സാമൂഹിക സംവിധാനത്തിൽ ഉണ്ടാക്കിയ അത്ഭുതകരമായ മാറ്റം നമ്മുടെ ചരിത്രബോധത്തെ മാറ്റിപ്പണിതു എന്നതാണ്. എസ്എൻഡിപിയും യോഗക്ഷേമസഭയും സാധുജനപരിപാലനയോഗവും എൻഎസ്എസും ഉൾപ്പെടെയുള്ള സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ഹിന്ദുമതത്തിലെ പൊതു സംവിധാനത്തിനകത്ത് നിന്നുകൊണ്ടുതന്നെ അതുവരെ ഉന്നയിക്കാത്ത ചില ചോദ്യങ്ങൾ ഉന്നയിച്ചു. സമാന്തരമായിത്തന്നെ ക്രിസ്ത്യൻ -ഇസ്ലാം സാമുദായികാവസ്ഥയ്ക്ക് അകത്തും പ്രസക്തമായ ചില ചോദ്യങ്ങൾ ഉയർന്നുവന്നു.ഇതൊക്കെ ഉൾച്ചേർന്ന സാമൂഹിക രൂപീകരണ പ്രക്രിയയാണ് നവോത്ഥാനത്തെ രൂപപ്പെടുത്തിയത്. കേരളീയ നവോത്ഥാനം അതിവേഗത്തിൽ മലയാളിയെ ആധുനികവൽക്കരിച്ചു. വസ്ത്രധാരണരീതി മുതൽ മലയാളമെന്ന മാനകഭാഷയുടെ രൂപപ്പെടൽവരെ അത് സാധ്യമാക്കി.മലയാളി ഉൾക്കൊള്ളുന്ന എല്ലാം സാമുദായിക ഘടകങ്ങളിലും ഒരു ചെറു ന്യൂനപക്ഷം നവോത്ഥാന ആധുനികതയെ സ്വാംശീകരിച്ചു.അതിന്

മുഖം തിരിഞ്ഞു നിന്നവരൊക്കെയും അതിവേഗത്തിൽ മഹാഭൂരിപക്ഷത്തിന്റെ പൊതുസ്വത്തായി ആധുനികതയെ സ്വായത്തമാക്കി. വൈകുണ്ഠസ്വാമികൾ തുറന്നിട്ട ലോകത്തെക്കുറിച്ചുള്ള ചിന്തകളുടെ തുടർച്ച ശ്രീനാരായണനിലും വാഗ്ഭടാനന്ദനിലും അയ്യങ്കാളിയിലും അതോടൊപ്പം വി.ടി.യും പൊയ്കയിൽ അപ്പച്ചനും ഉൾപ്പെടെയുള്ള ധൈഷണിക നേതൃത്വങ്ങളിലും സാധ്യമായി. തിരുവിതാംകൂർ രാജാധികാരത്തെ അനന്തപുരംനീചൻ എന്നും ബ്രാഹ്മണ്യാധികാരത്തെ കരിനീചൻഎന്നും ബ്രിട്ടീഷ് അധികാരവ്യവസ്ഥയെ വെൺനീചൻ എന്നും വിളിച്ച വൈകുണ്ഠസ്വാമികൾ പോരാടിയത് മൂന്നുതരത്തിലുള്ള അധികാര വ്യവസ്ഥയോടാണ്. നവോത്ഥാനം എന്ന പ്രയോഗം അത്ര ലളിതമല്ല. അത് സൈദ്ധാന്തികമായ ആശയസംഹിതയല്ല. പ്രായോഗികമായ ചെറുത്തുനിൽപ്പുകളാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രാരംഭത്തിൽ നടത്തിയ പോരാട്ടമാണ് കേരളീയ നവോത്ഥാനത്തിന്റെ തുടക്കം. നവോത്ഥാനത്തിന്റെ രക്തസാക്ഷിയായ ആറാട്ടുപുഴ വേലായുധപ്പണിക്കരിലൂടെയും അരുവിപ്പുറം പ്രതിഷ്ഠയിലൂടെ നാരായണ ഗുരുവിലൂടെയും വില്ലുവണ്ടി സമരം ഉൾപ്പെടെയുള്ള സമരമുറകളിലൂടെ അയ്യങ്കാളിയിലൂടെയും അനേകമനേകം കൈവഴികളിലൂടെയാണ് നവോത്ഥാനം പ്രായോഗികതലത്തിൽ എത്തുന്നത്. വാഗ്ഭടാനന്ദനും സഹോദരൻ അയ്യപ്പനും തുറന്നിട്ട സ്വതന്ത്രചിന്തയുടെ വേരുകൾ നമ്മുടെ സാമൂഹിക സങ്കൽപ്പനങ്ങളെയും ചരിത്ര ജ്ഞാനത്തെയും സാഹിത്യവബോധത്തെയും പുതുക്കി പണിതു. നവോത്ഥാനകാല ജീവിതത്തിന്റെ പകർപ്പും വരുംകാലത്തിന്റെകുതിപ്പും പോയകാലത്തിന്റെ കിതപ്പും ആവിഷ്കരിക്കാനുള്ള മാതൃകയായി സാഹിത്യം മാറി. ചലനാത്മകമായ ഒരു കാലഘട്ടം സാഹിത്യത്തേയും സാഹിത്യം ജീവിതത്തെയും പരിവർത്തനത്തിന് വിധേയമാക്കി. ഘാതകവധം, പുല്ലേലികുഞ്ചു, സരസ്വതി വിജയം,സുകുമാരി, ഇന്ദുലേഖ തുടങ്ങിയ നോവലുകളിലൂടെയാണ് സാഹിത്യം നവോത്ഥാനത്തിന്റെ ആദ്യ പാഠങ്ങൾ ആയിത്തീർന്നത്. തമസ്കരിക്കപ്പെട്ട പോത്തേരി

കുഞ്ഞമ്പുവിന്റെ സരസ്വതി വിജയം പുനർവായിക്കപ്പെടുന്നത് എഴുത്തിന്റെ ജനാധിപത്യവൽക്കരണം നവോത്ഥാനത്തെ വീണ്ടെടുക്കുമ്പോൾ സംഭവിക്കുന്നതാണ്. "ആധുനികകാലത്തെ മലയാളസാഹിത്യത്തിന്റെ ആകെ ഉജ്ജ്വല മാതൃക" (കെ.കെ. കൊച്ച്, 2017 :195) എന്ന് സരസ്വതി വിജയത്തെ വിശേഷിപ്പിക്കുന്നുണ്ട്. 1905 മുതൽ 1939 വരെ പൊയ്കയിൽ അപ്പച്ചൻ പാടിനടന്ന പാട്ടുകൾ നവോത്ഥാന ആധുനികതയുടെ മികച്ച മാതൃകയാണ് ."മതസംവിധാനങ്ങൾ ജാതിയതയുടെയും തൊട്ടുകൂടായ്മയുടെയും മേലെ തന്നെയാണ് കെട്ടിപ്പൊക്കിയത് എന്ന സാമൂഹിക യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞ നവോത്ഥാന നായകനാണ് കുമാരഗുരു എന്ന പൊയ്കയിൽ അപ്പച്ചൻ" ( ടി.കെ. അനിൽകുമാർ, 2018:31).ഹിന്ദുമതം പോലെ തന്നെ ക്രിസ്തുമതവും ഏറ്റവും ജനാധിപത്യവിരുദ്ധമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കുമാരനാശാനും മൂലൂർ എസ്.പത്മനാഭപ്പണിക്കരും കെ .പി കറുപ്പനും മൂർക്കോത്ത് കുമാരനും വി.ടി. ഭട്ടതിരിപ്പാടും ചേർന്ന് രൂപപ്പെടുത്തിയ നവോത്ഥാനത്തിന്റെ എഴുത്തുകൾ കേരളീയ സമൂഹത്തെ ആധുനീകരിച്ചു. ശ്രീനാരായണന്റെയും വാഗ്ഭടാനന്ദന്റെയും സഹോദരൻ അയ്യപ്പന്റെയും ജാതി വിരുദ്ധ രചനകൾ പോലെ കരുത്തുറ്റ രചനകൾ വള്ളത്തോളും ഉള്ളൂരും ഉൾപ്പെടെയുള്ളവരിൽ നിന്നും രൂപപ്പെട്ടു. 1930 കൾക്ക് ശേഷം നവോത്ഥാനത്തിന്റെ അന്ത:സത്തയെ സ്വാംശീകരിച്ച് നൂറുകണക്കിന് മനുഷ്യപക്ഷ രചനകൾ മലയാളത്തിലുണ്ടായി. നവോത്ഥാന ആധുനികത സാധ്യമാക്കുന്ന ജാതിവിരുദ്ധ രചനകളുടെ സാധ്യതകൾക്കകത്തുനിന്നുകൊണ്ടാണ് വാഗ്ഭടാനന്ദൻ ഉൾപ്പെടെയുള്ള ഓരോ എഴുത്തുകാരെയും വിശകലനം ചെയ്യേണ്ടത്.

**വാഗ്ഭടാനന്ദന്റെ ജീവിതവും രചനകളും**

വാഗ്ഭടാനന്ദ ഗുരുവിന്റെ സമ്പൂർണ്ണ ജീവചരിത്രം രചിച്ചത് ശ്രീ വാഗ്ഭടാനന്ദ ഗുരുദേവൻ എന്നപേരിൽ എംടി കുമാരനാണ്. 1884 മുതൽ 1939 വരെയുള്ള അദ്ദേഹത്തിന്റെ

ജീവിതകാലയളവ് എം.ടി കുമാരൻ വരച്ചുകാണിക്കുന്നുണ്ട്. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും ചോദ്യം ചെയ്ത് അന്ധവിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും നിരാകരിച്ച് ആത്മവിദ്യാസംഘം (1917) രൂപീകരിച്ച വാഗ്ഭടാനന്ദൻ നടത്തിയ പ്രവർത്തനങ്ങൾ നവോത്ഥാന ആധുനികതയുടെ ചരിത്രംകൂടിയാണ്. ബ്രഹ്മാനന്ദ ശിവയോഗി, അയ്യത്താൻ ഗോപാലൻ തുടങ്ങിയവരുടെ സഹവാസവും സ്വാമി ബ്രഹ്മവ്രതൻ, സ്വാമി ആര്യഭടൻ,എം.ടി.കുമാരൻ തുടങ്ങിയവരുടെ ഗുരുസ്ഥാനവും ശ്രീനാരായണനെ പോലുള്ളവരുടെ സംവാദങ്ങളും കർമ്മനിരതമായ വാഗ്ഭടാനന്ദന്റെ ജീവിതത്തിലുണ്ട്. കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമത്തിൽ വാഴവളപ്പിൽ കോരൻ ഗുരുക്കളുടെയും വയലേരി ചീരു അമ്മയുടെയും മകനായ കുഞ്ഞിക്കണ്ണൻ വി.കെ ഗുരിക്കളും പിന്നീട് ശിവയോഗി സ്നേഹപൂർവ്വം സമ്മാനിച്ച വാഗ്ഭടാനന്ദൻ എന്ന പേരും സ്വീകരിക്കുന്നു. കേരളീയ സമൂഹത്തിൽ അന്നുവരെ കാണാത്ത ഉണർവ് രൂപപ്പെട്ട ഒരുഘട്ടത്തിൽ സാമൂഹികപരിഷ്കർത്താവ് ,പണ്ഡിതൻ, പ്രഭാഷകൻ, ആത്മീയാചാര്യൻ, പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ഗുരു പ്രതിഷ്ഠ നേടി.സാഹിത്യ വിമർശനങ്ങൾ, കവിതകൾ, പ്രാർത്ഥനകൾ, ലേഖനങ്ങൾ, പത്രക്കുറിപ്പുകൾ, മുഖപ്രസംഗങ്ങൾ എന്നിങ്ങനെ വൈവിധ്യമേറിയ വാഗ്ഭടാനന്ദൻ രചനകൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കൊട്ടിയൂർ ഉത്സവപാട്ട് പോലുള്ള രചനകളുടെ ഒരു കോപ്പി പോലും ലഭ്യമല്ലാത്ത വിധത്തിൽ നഷ്ടപ്പെട്ടു പോയിട്ടുമുണ്ട്.(പാട്യം രാമകൃഷ്ണൻ, 2005:30).

ഡോക്ടർ അയ്യത്താൻ ഗോപാലൻ നേതൃത്വം നൽകിയ ബ്രഹ്മസമാജത്തിനു വേണ്ടി എഴുതിയ ബ്രഹ്മസങ്കീർത്തനങ്ങൾ ആണ് ഗുരുവിന്റെ ആദ്യകാല സാഹിത്യ സംരംഭങ്ങൾ. "ആത്മവിദ്യാസംഘത്തിന്റെ മാനിഫെസ്റ്റോ എന്ന നിലയിലാണ് ആദ്യകൃതിയായ ആത്മവിദ്യ (1925) എന്ന ഗ്രന്ഥം പ്രസിദ്ധീകൃതമായത്. ആത്മീയവും സാമൂഹികവും സദാചാരപരവുമായി അവശ്യം അനുഷ്ഠിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വാഗ്ഭടാനന്ദ ഗുരുവിന് സ്വന്തമായ വീക്ഷണമുണ്ട്. വ്യക്തിയെ ആധ്യാത്മികവും ഭൗതികവുമായ സാംസ്കാരിക മാർഗങ്ങളിൽക്കൂടി

ഉയർത്തുവാനും ഒരു പൗരനെന്ന നിലയിൽ ജനങ്ങളെ സ്നേഹിക്കുവാൻ അവനെ പ്രാപ്തനാക്കുവാനുമാണ് ആത്മവിദ്യ എന്ന ഗ്രന്ഥത്തിൽ വാഗ്ഭടാനന്ദ ഗുരു യത്നിച്ചത്" (1998:33) എന്ന് ഡോ.എം .എസ് നായർ പറയുന്നുണ്ട്. ആത്മവിദ്യ എന്ന ദാർശനിക ഗ്രന്ഥത്തിലൂടെ അനാചാരങ്ങൾക്കും ധർമ്മഭാസങ്ങൾക്കും പൗരോഹിത്യത്തിനുമെതിരെ തന്റെ നിലപാട് അദ്ദേഹം പ്രഖ്യാപിച്ചു. തന്റെ ആത്മീയ ദർശനം അദ്ദേഹം അവതരിപ്പിച്ചു.എന്നാൽ ഹിന്ദു ദൈവങ്ങളെ വിചാരണ ചെയ്യാനും അദ്ദേഹം മടിച്ചില്ല.പാട്യം രാമകൃഷ്ണൻ ഇങ്ങനെ പറയുന്നു "ഇന്ത്യയിൽ ജനിച്ച ഒരു ആധ്യാത്മികാചാര്യനും ത്രിമൂർത്തികളായ ബ്രഹ്മാവ് വിഷ്ണു ശിവൻ എന്നിവരെയും 10 അവതാരങ്ങളെയും ഇത്രയും നിശിതമായി വിമർശിച്ചത് കാണുന്നില്ല" (2005:75). മതം,രാജയോഗം,കർമ്മം,ധർമ്മം തുടങ്ങിയവയെക്കുറിച്ച് ആധ്യാത്മിക ആചാര്യൻ എന്ന നിലയിൽ നിരവധി രചനകൾ ഗുരു നടത്തിയിട്ടുണ്ട്.എന്നാൽ തിറയാട്ടം കോഴിവെട്ടും, കാവുകളിലെ പ്രാണി ഹിംസ തുടങ്ങിയ രചനകളിൽ വാഗ്ഭടാനന്ദൻ തന്റെ നിലപാട് വ്യക്തമാക്കുന്നുണ്ട്. "സോദരന്മാരെ, സോദരികളേ നിങ്ങൾ കാവുകളിൽ പോയാലും വേണ്ടതില്ല.നാണമില്ലാത്ത വെളിച്ചപ്പാടന്മാർക്ക് നമസ്കാരം ചെയ്താലും വേണ്ടതില്ല. നരങ്ങി മൂളുന്ന അവരുടെ അരുളപ്പാടുകൾ വിശ്വസിച്ചാലും വേണ്ടതില്ല, മിണ്ടാപ്രാണികളെ അറക്കുവാൻ അനുവദിക്കരുതേ " (2014: 525)എന്ന് വാഗ്ഭടാനന്ദഗുരു പറയുന്നുണ്ട്. താലപ്പൊലി, തിറയാട്ട് തുടങ്ങിയ അനാചാരങ്ങളെ അതിവേഗത്തിൽ അകറ്റു എന്നദ്ദേഹം ആഹ്വാനംചെയ്യുന്നു. ഹിന്ദുക്കളോട് എന്ന പേരിലെഴുതിയ പതിനെട്ടോളം ലേഖനങ്ങളിൽ വാഗ്ഭടാനന്ദഗുരു എന്ന സാമൂഹികപരിഷ്കർത്താവിനെകാണാം. അധ:കൃതരെ ആട്ടിയകറ്റുന്ന ജാതിഭ്രാന്തരെ ഗുരു ചോദ്യം ചെയ്യുന്നു. സംവത്സരങ്ങളായി നടന്നുവരുന്ന ഈ വൃത്തികേടുകൾ ഇനി സഹിക്കാൻ പറ്റില്ലെന്ന് വാഗ്ഭടാനന്ദൻ പ്രഖ്യാപിക്കുന്നു."ഏറ്റവും ചുണയോടും ഉശിരോടും ഉണർവോടും ഊർജ്ജസ്വലതയോടും ഊഹാപോഹപടുതയോടും കൂടി ഗാന്ധിജിയുടെ വാത്സല്യ പാത്രങ്ങളായ ഹരിജനങ്ങളും മറ്റുള്ളവരും ഹിന്ദുമതത്തിന്റെ പേരിൽ പിതൃ പിതാമഹപരമ്പരയാ

മറയാതെ നിൽക്കുന്ന സ്വന്തം അധികാരത്തെയും അവകാശത്തെയും ഓർത്ത് മുന്നോട്ടുതന്നെ വരണം. പ്രണാമങ്ങൾ ചൊല്ലുന്നതിനും സഹായിക്കുന്നതിനും ഞങ്ങളിതാ സന്നദ്ധരായിരിക്കുന്നു"(2014:958).വരേണ്യതയെ ചോദ്യംചെയ്യാൻ വരേണ്യമായ ദർശനങ്ങളെയും സാഹിത്യത്തെയും അദ്ദേഹം ഉപയോഗപ്പെടുത്തുന്നു. സനാതനക്കാരെ ചോദ്യംചെയ്യുന്ന ഗുരുവിന്റെ ഓരോ വാക്കുകളിലും ഈ യുക്തി നിറഞ്ഞുനിൽക്കുന്നുണ്ട്. 'ബ്രാഹ്മണത്വം തങ്ങൾക്ക് കുടിയേതീരൂ' എന്ന് ശഠിക്കുന്ന സനാതനക്കാരെ അദ്ദേഹം കൃത്യമായ നിലപാടുകളിൽ ഊന്നി നിന്നുകൊണ്ടാണ് ചോദ്യം ചെയ്യുന്നത്. "ശ്വാക്കളോ ഗോക്കളോ കടന്നാൽ കുറ്റം പറയാനില്ലാത്ത ക്ഷേത്രങ്ങളിലും പരിസരങ്ങളിലും പാവപ്പെട്ട സ്വന്തം സഹോദരങ്ങൾക്ക് പ്രവേശനാനുവാദം നൽകുക! അശാസ്ത്രീയങ്ങളായ അനാചാരങ്ങളെ ഇനിയിങ്ങ് മടങ്ങിവരാത്തവണ്ണം ആട്ടിയോടിക്കുക " (2014: 994)എന്നു പറഞ്ഞ് ഗുരു സവർണനീതിശാസ്ത്രത്തെ പ്രതിക്കൂട്ടിൽ ഏറ്റുന്നു. ശാസ്ത്രത്തിന്റെയും സമൃതിയുടെയും സാധുതയെ അദ്ദേഹം വിമർശിക്കുന്നു. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും അടിസ്ഥാനമാക്കിയാണ് സനാതന ഹിന്ദുത്വത്തെ വിമർശിച്ചത്.സനാതന ഹിന്ദുക്കളോടുള്ള അദ്ദേഹത്തിന്റെ ചോദ്യങ്ങൾ ബ്രാഹ്മണിക്കൽ ഹിന്ദുത്വത്തിന്റെ നിർദ്ദയ വിമർശനമാണ്.

വാഗ്ഭടാനന്ദന്റെ പത്രക്കുറിപ്പുകളും പ്രസംഗങ്ങളും ജാതി വിമർശനങ്ങൾ തന്നെയാണ്.1931 ആഗസ്റ്റ് 5 ന് കാഹളത്തിൽ ക്ഷേത്രപ്രവേശനം എന്ന ശീർഷകത്തിൽ എഴുതിയ മുഖപ്രസംഗം പോലെ ഏറ്റവും കരുത്തുറ്റ നിരവധി രചനകൾ ഗുരു എഴുതിയിട്ടുണ്ട്. "ഉണ്ണിയപ്പങ്ങളും പാലടകളും പാൽപ്പായസങ്ങളും പാകം ചെയ്ത് മൃഷ്ടാടി കഴിപ്പാനുള്ള ഹോട്ടലുകളല്ല ക്ഷേത്രങ്ങൾ എന്നോർത്ത് ദുരാശാപാ ബന്ധങ്ങളിൽ നിന്നും വ്യാമോചിക്കുക" (2014: 1059) ഇങ്ങനെ അതിനിശിതമായ പരിഹാസം അദ്ദേഹം ഉന്നയിക്കുന്നു. ക്ഷേത്രം ജ്ഞാനികളുടെ ഇരിപ്പിടം ആണെന്ന് പ്രഖ്യാപിച്ച ഗുരു സാമൂഹിക നീതിയുമായി ബന്ധപ്പെട്ടാണ് ക്ഷേത്ര പ്രവേശനത്തെ കുറിച്ചുള്ള തന്റെ ചിന്തകൾ പങ്കു വെച്ചത് .യോജിപ്പിന്റെ ഇടങ്ങൾ

പോലെ തന്നെ വിയോജിപ്പിന്റെ കൃത്യമായ ഇടങ്ങളും സന്ദേഹങ്ങളില്ലാതെ വാഗ്ഭടാനന്ദൻ തുറന്നിട്ടു. ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് 1914 ൽ ആലുവ അദ്വൈതാശ്രമത്തിൽ വച്ച് നാരായണഗുരുവുമായി നടത്തിയ സംവാദം ഇതിനുദാഹരണമാണ്. ക്ഷേത്രപ്രതിഷ്ഠയും അദ്വൈതവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും എന്ന് ചോദിച്ചപ്പോൾ, "ജനങ്ങൾ സ്വൈര്യം തരണ്ടേ?" എന്ന് ശ്രീനാരായണൻ പറയുകയുണ്ടായി.അധ്യാത്മ യുദ്ധം അഥവാ ആനന്ദാദർശ പ്രധ്വംസനം എന്ന ഗ്രന്ഥത്തിൽ തന്റെ ഗുരുവായ ബ്രഹ്മാനന്ദ ശിവയോഗിയോടുള്ള വിയോജിപ്പും വാഗ്ഭടാനന്ദൻ പരസ്യമായി പ്രഖ്യാപിച്ചു. സദാനന്ദ സരസ്വതി ഈ ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞു. "അഗാധമായ പാണ്ഡിത്യവും അസുലഭമായ വാക്ചാതുര്യവും അനന്യസാധാരണമായ യുക്തിചിന്തയും അതി ദുർലഭമായ അഗാധതയും നിറഞ്ഞ നിറഞ്ഞ ഒന്നാണീ ഗ്രന്ഥം" (2014:35).തന്റെ ഗുരുവിനെ അതിനിശിതമായി വിമർശിക്കുവാൻ വാഗ്ഭടാനന്ദൻ തന്റെ കൃതിയെ പ്രയോജനപ്പെടുത്തി.

സാഹിത്യത്തെ ആഴത്തിൽ സമീപിച്ച ഒരു നിരൂപകനെ വാഗ്ഭടാനന്ദഗുരുവിൽ കാണാം.എഴുത്തച്ഛനും കുമാരനാശാനും അലങ്കാരലക്ഷണങ്ങളും കാവ്യജീവിതവും അദ്ദേഹത്തിന്റെ വിലയിരുത്തലിന് വിധേയമായിട്ടുണ്ട്. രചനയുടെ സൗന്ദര്യാത്മകതയുടെ മർമ്മം കണ്ടെത്താൻ സാധിച്ച എഴുത്തുകാരനാണ് വാഗ്ഭടാനന്ദൻ. 'ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയിക്കുന്ന കാവ്യത്തെ' അദ്ദേഹം പാരായണത്തിന് സന്നദ്ധമാക്കുന്നു. "ആധുനിക വിമർശകർ ശ്രദ്ധിക്കേണ്ട പല പ്രവണതകളും ഈ സമ്പ്രദായത്തിൽ അടങ്ങിയിട്ടുണ്ട് " (2014: 42)എന്ന് വാഗ്ഭടാനന്ദന്റെ സാഹിത്യ വിമർശനത്തെക്കുറിച്ച് സുകുമാർ അഴീക്കോട് പറയുന്നുണ്ട്.വാഗ്ഭടാനന്ദന്റെ ജീവിതംപോലെ രചനകളും യോജിപ്പുകളുടേത് മാത്രമല്ല; വിയോജിപ്പുകളുടേതും കൂടിയാണ്.സാഹിത്യ ചരിത്രത്തിന്റെയും സാംസ്കാരിക ചരിത്രത്തിന്റെയും പൊതുബോധത്തോട് നിരന്തരമായി കലഹിച്ചു കൊണ്ടാണ് വാഗ്ഭടാനന്ദന്റെ രചനകൾ സമൂഹത്തെ പുതുക്കിപ്പണിയാൻ തയ്യാറായത്.

**വാഗ്ഭടാനന്ദന്റെ ജാതിവിരുദ്ധ കവിതകൾ**

നവോത്ഥാനകാലത്തിന്റെ കരുത്ത് തന്റെ രചനകളിൽ കൊണ്ടുവന്ന കവിയാണ് വാഗ്ഭടാനന്ദഗുരു.തന്റെ നിലപാടുകൾക്കകത്തുനിന്ന് രചന നിർവഹിക്കുകയും സാമൂഹിക ജീവിതത്തിന്റെ ക്ഷുദ്രതകളോട് വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്ത കവിയാണ് വാഗ്ഭടാനന്ദൻ. 'ഉദ്ബോധനം'എന്ന കവിതയിൽ ഇടശ്ശേരി വാഗ്ഭടാനന്ദനെ ചിത്രീകരിക്കുന്നുണ്ട്.

"അനാചാരങ്ങളാൽ നാനാ-
ദൈവതാരാധനങ്ങളാൽ
നശിക്കെ,നമ്മൾക്കാരേകി
ബ്രഹ്മ ധ്യാനാനുശീലനം?
അദ്ദേവഗുരു സങ്കാശൻ
വാഗ്ഭടാനന്ദ ദേശികൻ
ജീവിച്ച നാളിലിന്നാട്ടിൽ
ജനിച്ചേൻ,ഭാഗ്യശാലി ഞാൻ !"

വാഗ്ഭടാനന്ദന്റെ ജീവിതലക്ഷ്യം മഹത്തരമാണെന്ന് ഇടശ്ശേരി പറയുന്നുണ്ട്. അനാചാരങ്ങൾക്കെതിരെയും ബഹുദൈവാരാധനക്കെതിരെയും നയിച്ച പോരാട്ടങ്ങളാണ് വാഗ്ഭടാനന്ദന്റെ ജീവിതമെന്ന് കവി പറയുന്നത് ഏറ്റവും സ്വാഭാവികമായ കണ്ടെത്തലാണ്. ഗുരുവിന്റെ ജീവിതം പോലെ കവിതകളും അദ്ദേഹത്തിന്റെകരുത്തുറ്റ വീക്ഷണങ്ങളുടെ നിദർശനമാണ്. സാമൂഹികനീതിക്കു വേണ്ടിയുള്ള ഇടപെടലാണ് 1917 അദ്ദേഹം രൂപംനൽകിയ 'ആത്മവിദ്യാ സംഘം ' എന്ന സംഘടന. സംഘം പ്രവർത്തകരെ ആവേശഭരിതമാക്കുന്ന മുദ്രാവാക്യമാണ്

"ഉണരുവിൻ! അഖിലേശ്വരനെ സ്മരിപ്പിൻ
ക്ഷണമെഴുന്നേൽപ്പിൻ! അനീതിയോടെതിർപ്പിൻ"

എന്ന ഈരടി.പുതിയ കാലത്തിനു വേണ്ടിയുള്ള ശബ്ദമായിരുന്നു അത്. ജാതിഭേദധ്വംസനവും അനാചാര നശീകരണവും അയിത്തോച്ചാടനവും സാമൂഹിക പരിഷ്കരണ ശ്രമങ്ങളുടെ ഭാഗമായി വാഗ്ഭടാനന്ദൻ മുന്നോട്ടുവച്ചു. ഇതിനുവേണ്ടിയുള്ള അന്വേഷണങ്ങൾ തന്നെയായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. പ്രാർത്ഥനകളിൽ

പോലും സാമൂഹികനീതിയെ കുറിച്ചുള്ള ആലോചനകൾ അദ്ദേഹം പങ്കുവച്ചു.ഇന്ത്യൻ നവോത്ഥാനത്തെ അദ്ദേഹം കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. രാജാറാം മോഹൻറോയ്, ദേവേന്ദ്രനാഥ് ടാഗോർ എന്നിവരെ പ്രകീർത്തിക്കുന്ന ഗുരുവിൽ ബ്രഹ്മസമാജവും ബ്രഹ്മാനന്ദ ശിവയോഗിയും ഉണ്ടാക്കിയ സ്വാധീനം ഏറെ വലുതാണ്. 'ബ്രഹ്മസമാജമധുനാ ജയതി ദൈവമേ' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ ജാതിഭേദക്കോട്ട തച്ചുടയ്ക്കുകയും അന്ധവിശ്വാസങ്ങളെ ചോദ്യംചെയ്യുകയും ഭേദബുദ്ധി ഇല്ലാതാക്കുകയും സർവമത സമുദായത്തെ ഒന്നായി കാണുകയും ചെയ്യുന്ന മഹത്തായ ദർശനങ്ങൾ തിരിച്ചറിയുകയും അവയ്ക്ക് കാവ്യഭാഷയുടെ പരിചരണം നൽകുകയുമാണ് വാഗ്ഭടാനന്ദൻ ചെയ്തത്. 'സമസ്ത സ്വാതന്ത്ര്യ സമർഥകാഹളം' മുഴങ്ങുന്ന ഒരുകാലത്തെ വാഗ്ഭടാനന്ദൻ സ്വപ്നം കാണുന്നുണ്ട്.'സ്വാതന്ത്ര്യ ചിന്താമണി' എന്ന കവിത ഇതിനുദാഹരണമാണ്.

"എടാ നീ മാറടാ തൊടല്ല തീണ്ടൊല്ല
മിടുക്കനെന്നു നീ നിനച്ചിട്ടുക്കുന്നൊ?
സ്ഫുടമഹങ്കാരമുയർത്തീട്ടീ വണ്ണം
വിടന്മാർ നാടെല്ലാം നരകമാക്കുന്നു."

ഇങ്ങനെ മനുഷ്യാസ്തിത്വത്തെ നിസ്സാരവൽക്കരിക്കുന്ന ജാതിഭ്രാന്തിനെഅതി നിശിതമായി വിമർശിക്കാൻ വാഗ്ഭടാനന്ദൻ തയ്യാറാവുന്നു .നമ്പൂതിരി, നായർ,പറയർ, പുലയർ, ഈഴവർ എന്നിങ്ങനെ ജാതി വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ഗുരു ഈ വിമർശനം ഉന്നയിക്കുന്നത്. മനുഷ്യത്വത്തെ ആക്ഷേപിക്കുന്ന മനുഷ്യ കീടങ്ങളുടെ ധിക്കാരത്തെ ക്ഷമിക്കാൻ സാധിക്കുകയില്ലെന്ന് ഗുരു വ്യക്തമാക്കുന്നു. എല്ലാ സമുദായങ്ങളും പരസ്പരം സ്നേഹം പകർത്തി കൊള്ളുവിൻ എന്ന് ആഹ്വാനം ഗുരു ഉന്നയിക്കുന്നുണ്ട്. വൈകുണ്ഠസ്വാമികളും നാരായണഗുരുവും പറഞ്ഞ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന വീക്ഷണം വാഗ്ഭടാനന്ദൻ ദർശനം തന്നെയാണ്.

" ഒരു ദൈവമെന്നുമൊരു മതമെന്നു -
മൊരു ജാതിയെന്നും വരുന്ന നാളിലെ
ധരാതലം തന്നിൽ നിരന്തരം സുഖം

വരാനെളുപ്പമായിരിക്കുമെന്നല്ലോ ."

ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ നവോത്ഥാനം സാധ്യമാക്കിയ ചില അന്വേഷണങ്ങൾ ഉണ്ട്. ഏക ദൈവത്തെ കുറിച്ചുള്ള സൈദ്ധാന്തിക സംവാദങ്ങൾ പൊതുസമൂഹത്തിൽ സാധ്യമാക്കുകയുണ്ടായി. ഏകദൈവത്തെ നാരായണഗുരു വിഗ്രഹവത്കരിച്ചപ്പോൾ വാഗ്ഭടാനന്ദഗുരു വിഗ്രഹഭഞ്ജനം നടത്തി. ആരാധനാലയങ്ങളും വിഗ്രഹങ്ങളും അപ്രസക്തമായ ഒരു ലോകത്തെയാണ് വാഗ്ഭടാനന്ദൻ സ്വപ്നം കണ്ടത്.കൊടുങ്ങല്ലൂരിലേക്കും കൊട്ടിയൂരിലേക്കും പഴനിയിലേക്കും പോകുന്നവരോട് അരുതെന്നു പറയാൻ ഗുരു തയ്യാറായി. ക്ഷേത്രാരാധനയുടെയും ക്ഷേത്രോത്സവത്തിന്റെയും നിരർത്ഥകതയെക്കുറിച്ച് ഗുരു ആവർത്തിച്ചു പറഞ്ഞു. ആൾക്കൂട്ടത്തിനിടയിലേക്ക് കടന്നുവന്ന്, ഒരു തെരുവുഗായകസംഘമായി കാലത്തിന്റെ രാഷ്ട്രീയം പറയാൻ ഏതാനും പേരെ അദ്ദേഹം നിയോഗിച്ചു.കൊട്ടിയൂർ പെരുമാളേയുംഉത്സവത്തെയും പരിഹസിക്കാൻ കൊട്ടിയൂർ ഉത്സവ പാട്ടിലൂടെ ഗുരുവിന് സാധിച്ചു.

"കൊട്ടിയൂർ ദേവൻ പരിഭവിച്ചീടുകിൽ
പൊട്ടിവീണിടുമോ തൻ തലയിൽ
അന്ധവിശ്വാസം ഇരുപതാം നൂറ്റാണ്ടി-
ലെന്തിങ്ങനെ നിലനിന്നീടുന്നു?"

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും തുടരുന്ന അന്ധവിശ്വാസം കേരളീയ സമൂഹത്തിൽ ശക്തമായി തുടരുമ്പോഴാണ് ഒരു നൂറ്റാണ്ടുമുമ്പ് വാഗ്ഭടാനന്ദൻ ഈ ചോദ്യം ഉന്നയിച്ചത്. "സാമാന്യബുദ്ധിയുള്ള ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്താൻ ഈ പാട്ട് പുസ്തകത്തിന് കഴിഞ്ഞു" എന്ന് പാട്യം രാമകൃഷ്ണൻ പറയുന്നുണ്ട് ( 2005: 30 )പറയുന്നുണ്ട്. 'ക്ഷേത്രത്തിലില്ല പരമേശ്വര മൂർത്തി' (മനശ്ചാപല്യശമനം) എന്ന് തുറന്നു പ്രഖ്യാപിച്ച കവിയാണ് വാഗ്ഭടാനന്ദൻ.

വാഗ്ഭടാനന്ദ ഗുരുവിന്റെ പ്രാർത്ഥനകൾ പോലും കേവലം ദൈവസ്തുതികൾ ആയിരുന്നില്ല;സാമൂഹിക മാറ്റങ്ങൾ മുമ്പിൽ കണ്ട ആചാര്യന്റെ ഉണർത്തുപാട്ടുകളായിരുന്നു. സമാജ പ്രാർത്ഥന,

സന്ധ്യാവന്ദനം, അദ്വൈത മംഗളം,പൊതുപ്രാർത്ഥന എന്നിങ്ങനെയുള്ള ഓരോ പ്രാർത്ഥനയും നവോത്ഥാന കാലത്തിലേക്ക് പദമൂന്നി കൊണ്ടുള്ള ഹൃദയസ്പർശിയായ ആഹ്വാനം തന്നെയാണ്. 'ഹിന്ദുക്കളിലസ്വസ്ഥത ചേർക്കുന്നൊരു ജാതിഭ്രാന്തിന്നുപശാന്തി ക്രിയ' (സമാജപ്രാർത്ഥന) ചെയ്യണമെന്നാഗ്രഹിക്കുമ്പോഴും 'ജാതിയും മതങ്ങളും മദങ്ങളും സുമൈത്രിയിൽ' (സന്ധ്യാവന്ദനം) കഴിയണമെന്ന് പറയുമ്പോഴും ഗുരുവിന്റെ കവിഹൃദയം ലോകത്തിനുവേണ്ടി മിടിക്കുന്നു.

"ഭോഷനാമിവനെന്നു നാട്ടുകാരനുപദം
ദൂഷണം പറഞ്ഞാലും ദ്രോഹിപ്പാനടുത്താലും
രോഷമേലാതെ ലോക ക്ഷേമത്തെയോർത്തു ശാന്തി
ഭൂഷണമണിയുക! മനമേ! ജയിക്കുക "

എന്ന് അദ്വൈത മംഗളത്തിൽ ഗുരു തുറന്നുപറയുന്നു. ഒരുകാലത്ത് മലബാറിൽ മുഴുവൻ മുഴങ്ങിക്കേട്ട ശ്രദ്ധേയമായ പ്രാർത്ഥനയായിരുന്നു 'കുഞ്ഞുങ്ങളുടെ പ്രാർത്ഥന '

"ഹൃദയ പങ്കജം വികസിപ്പിക്കുന്ന
സദയദൈവമേ നമസ്കാരം"

എന്നുതുടങ്ങുന്ന പ്രാർത്ഥനയിൽ പ്രകൃതിയോടൊത്ത് സുകൃതികളായി വാഴാനുള്ള കൃപ നൽകണമെന്നാണ് ആവശ്യപ്പെടുന്നത്. ഒരു 'പ്രബുദ്ധഗീത'ത്തിൽ 'ഭൂസുരൻമാർമാരിലും ഇഹ പുലയൻമാരിലും' ഭേദമില്ലാതെ പവനൻ തലോടുന്നുവെന്ന് വാഗ്ഭടാനന്ദൻ പറയുന്നുണ്ട്. സങ്കീർത്തനങ്ങളിൽ,

"മന്ദവായു പട്ടരേയും പറയരേയും ഭേദമന്യേ
മന്ദമന്ദം തൊട്ടുഴിഞ്ഞ് തോഷമേറ്റമേകിടുന്നു"

എന്ന് പറയുന്നുണ്ട്. ഇങ്ങനെ ഓരോ പ്രാർത്ഥനയും മനുഷ്യനു വേണ്ടിയുള്ള അർച്ചന ആക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു. ആചാരത്തിനുവേണ്ടിയുള്ള ബലിയെചോദ്യംചെയ്യുന്ന, 'അഹിംസ തേട്ടവിൻ'പോലുള്ള രചനകൾ അദ്ദേഹത്തിന്റെ മികവുറ്റ പ്രഖ്യാപനം തന്നെയാണ്.'ചോര കൊഴുപ്പിൽ കൊതിയുള്ള ദൈവം','കശാപ്പുകാരന്റെ മാർക്കറ്റിലമരട്ടെ' എന്ന് പറയാനുള്ള കരുത്ത് നവോത്ഥാനത്തിന്റെ ഊർജം തന്നെയാണ്.

''തീയരും കണിശരും കണക്കരും
നായരും പറയർ മറ്റു ജാതിയും
ന്യായം ഓർക്കിൽ ഒരു ഭേദമില്ല;തെ -
ല്ലായതോർപ്പതു നമുക്കു ഭൂഷണം ''

എന്ന് 'ഏവരും ബത ഹരിക്കു മക്കൾ'എന്ന രചനയിൽ വാഗ്ഭടാനന്ദഗുരു ഉറക്കെ പറയുന്നു. ജാതിയുടെ എല്ലാ മതിൽക്കെട്ടുകളേയും തകർത്ത്,വരാനിരിക്കുന്ന കാലത്തെ സ്വപ്നം കണ്ട അസാധാരണ പോരാളിയായിരുന്നു വാഗ്ഭടാനന്ദഗുരു. നവോത്ഥാനകാലത്തിന്റെ ഊർജ്ജം തന്റെ രചനകളിൽ കൊണ്ടുവരാൻ കഴിഞ്ഞ കവിയാണ് വാഗ്ഭടാനന്ദൻ. ജാതിക്കെതിരെ ഏറ്റവും കരുത്തുറ്റ യുദ്ധപ്രഖ്യാപനമായി സ്വജീവിതത്തെ ഗുരു മാറ്റി. 'ജാതി ഭേദഭ്രാന്തക്കോട്ടയ്ക്ക് തീവെച്ച്' (സ്വാതന്ത്ര്യ ചിന്താമണി)ശാന്തി നുണയാൻ കൊതിച്ച വാഗ്ഭടാനന്ദൻ ജീവിതത്തിൽ അസാധാരണ കരുത്ത് കാട്ടുകയായിരുന്നു. മതവും ജാതിയും തിന്മയുടെ മഹാകാരങ്ങളായി പടർന്നുകയറുന്ന വർത്തമാനകാല സന്ദർഭത്തിൽ വാഗ്ഭടാനന്ദന്റെ രചനകളുടെ പുനർവായന കേരളീയ സമൂഹത്തിന്റെ വായന തന്നെയാണ്. തന്റെജീവിതവും നിരന്തരമായി നടത്തിയ പ്രഭാഷണങ്ങളും സാമൂഹികമാറ്റത്തിനുള്ള ഉപാധിയാക്കി മാറ്റിയ വാഗ്ഭടാനന്ദൻ തന്റെ കവിതകളെയും നവോത്ഥാനത്തിന്റെ ചാലകശക്തിയാക്കി മാറ്റി. നാം ജീവിച്ച ഇന്നലകളെക്കുറിച്ച് എഴുതിയ കവിയല്ല വാഗ്ഭടാനന്ദൻ;ഇന്നും നിലനിൽക്കുന്ന ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തു മനുഷ്യ പക്ഷത്തുനിലനിന്ന വരുംകാലത്തിന്റെ എഴുത്തുകാരനാണ്.

നാടുവാഴിത്ത സാമൂഹിക ക്രമത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള ക്രമാനുഗതമായ വളർച്ച കേരളീയ നവോത്ഥാനത്തിന്റെ വ്യാപ്തിയെ കുറിക്കുന്നു. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള മത നവീകരണ ശ്രമങ്ങൾ കേരളീയ നവോത്ഥാനത്തെ രൂപപ്പെടുത്തി.അനേകം കൈവഴികളിലൂടെ സാധ്യമായ, 'നവോത്ഥാനം'എന്ന പ്രയോഗം അത്ര ലളിതമല്ല. വർത്തമാനത്തെ കണ്ടുകൊണ്ട് ഇടപെടൽ

നടത്തിയ നവോത്ഥാനം ജീവിതത്തെയും സാഹിത്യത്തെയും പരസ്പരപൂരകമായി മാറ്റി തീർത്തു. നവോത്ഥാന ആധുനികതയെ രൂപപ്പെടുത്തിയ നിരവധി ജാതിവിരുദ്ധ രചനകൾക്കകത്തു നിന്നുകൊണ്ടാണ് വാഗ്ഭടാനന്ദഗുരു ഉൾപ്പെടെയുള്ള ഓരോ എഴുത്തുകാരനെയും വിശകലനം ചെയ്യേണ്ടത്. ആത്മവിദ്യാസംഘം രൂപീകരിച്ച് വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ വിഗ്രഹാരാധനയ്ക്കെതിരെയുംഅന്ധവിശ്വാസങ്ങൾക്കെതിരെയും നടത്തിയ പോരാട്ടങ്ങൾ നവോത്ഥാന ആധുനികതയുടെ ചരിത്രംകൂടിയാണ്. ഈ പഠനത്തിലൂടെ കണ്ടെത്തിയ പ്രധാന നിഗമനങ്ങൾ താഴെ ചേർക്കുന്നു.

1. ആത്മവിദ്യ എന്ന ദാർശനിക ഗ്രന്ഥത്തിലൂടെ വാഗ്ഭടാനന്ദൻ അനാചാരങ്ങൾക്കും ധർമ്മാഭാസങ്ങൾക്കും പൗരോഹിത്യത്തിനുമെതിരെ തന്റെ ആത്മീയ ദർശനം അവതരിപ്പിച്ച നവോത്ഥാന ആധുനികതയുടെ വീക്ഷണം അവതരിപ്പിച്ചു.
2. ഹിന്ദുക്കളോട് എന്നപേരിൽ സനാതന ഹിന്ദുക്കളോട് വാഗ്ഭടാനന്ദൻ ഉന്നയിച്ച ചോദ്യങ്ങൾ ബ്രാഹ്മണിക്കൽ ഹിന്ദുത്വത്തിന്റെ നിർദ്ദയ വിമർശനമെന്ന നിലയിൽ തിരിച്ചറിവുകൾ രേഖപ്പെടുത്തി.
3. പത്രക്കുറിപ്പുകളും പ്രഭാഷണങ്ങളും സംവാദങ്ങളും സാമൂഹികനീതിക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ ആക്കി മാറ്റാൻ വാഗ്ഭടാനന്ദന് സാധിച്ചു.
4. സാഹിത്യ ചരിത്രത്തിന്റെയും സാംസ്കാരിക ചരിത്രത്തിന്റെയും പൊതു ബോധത്തോട് കലഹിച്ചുകൊണ്ട് നിലനിൽക്കുന്ന സമൂഹത്തെ പുതുക്കിപ്പണിയാൻ വാഗ്ഭടാനന്ദന് തന്നെ ജീവിതംകൊണ്ടും എഴുത്തുകൊണ്ടും സാധിച്ചു.
5. വാഗ്ഭടാനന്ദൻ തന്റെ പ്രാർത്ഥനകളിൽ പോലും സാമൂഹികനീതിയെ കുറിച്ചുള്ള ചിന്തകൾ

പങ്കുവയ്ക്കുകയും നവോത്ഥാനകാലത്തെ രൂപപ്പെടുത്തുകയും ചെയ്തു.

6. ക്ഷേത്ര ആരാധനയുടെയും ക്ഷേത്രോത്സവത്തിന്റെയും നിരർത്ഥകതയെകുറിച്ച് പറയുന്ന കൊട്ടിയൂർ ഉത്സവം പാട്ട് പോലുള്ള നിരവധി രചനകളിൽ വാഗ്ഭടാനന്ദൻ നിലപാട് പ്രഖ്യാപിച്ചു .
7. ജാതിയുടെ മതിൽ കെട്ടുകൾ തകർത്തു പുതിയ കാലത്തിനു വേണ്ടി രചന നിർവഹിച്ച കവിയാണ് വാഗ്ഭടാനന്ദൻ.
8. വാഗ്ഭടാനന്ദ കൃതികളുടെ പുനർവായന കേരളീയ സമൂഹത്തിന്റെ വായനയായി മാറുന്നു. ഭൂതകാലത്തിന്റെ എഴുത്തുകാരനല്ല, ഭാവികാലത്തിന്റെ എഴുത്തുകാരനാണ് വാഗ്ഭടാനന്ദൻ.

**ഗ്രന്ഥസൂചി**

1. അജയ്ശേഖർ.ഡോ.,കേരളനവോത്ഥാനത്തിന്റെ അവർണ്ണ അടിത്തറ, ആഖ്യാനം സാന്നിദ്ധ്യം സൗന്ദര്യം (എഡി.എം.ബി മനോജ) വിദ്യാർത്ഥിപബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.
2. അനിൽകുമാർ.ടി.കെ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും ,കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2018.
3. കുമാരൻ എം.ടി, ശ്രീ വാഗ്ഭടാനന്ദ ഗുരുദേവൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
4. കെ.ഇ.എൻ,കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.
5. കൊച്ച്.കെ.കെ,ഇടതു പക്ഷമില്ലാത്ത കാലം,ഡി.സി ബുക്സ്, 2017 .
6. നായർ.എം.എസ് ഡോ., വാഗ്ഭടാനന്ദ ഗുരുവും സാമൂഹിക നവോത്ഥാനവും, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1992.
7. രാജൻ.ടി, വാഗ്ഭടാനന്ദൻ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.

൮. രാമകൃഷ്ണൻ .പാട്യം, നവോത്ഥാനാചാര്യൻ വാഗ്ഭടാനന്ദൻ, മിഡാസ്, കൂത്തുപറമ്പ്, 2005.

9. വാഗ്ഭടാനന്ദഗുരു, വാഗ്ഭടാനന്ദന്റെ സമ്പൂർണകൃതികൾ, മാതൃഭൂമിബുക്സ്, കോഴിക്കോട്, 2014.

10. സുകുമാർ അഴീക്കോട്, (അവതാരിക), വാഗ്ഭടാനന്ദന്റെസമ്പൂർണകൃതികൾ,മാതൃഭൂമിബുക്സ്,കോഴിക്കോട്, 2014 .